# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 704** **04/11/2016 ൽ മറുപടി**

## <u>അൺ എയിഡഡ് സ്കൂളുകളുടെ ഗുണനിലവാരം</u>

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. എൽദോ എബ്രഹാം** | | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | അൺ എയിഡഡ് സ്കൂളുകളുടെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | സി. ബി. എസ്. ഇ.യുടെ ഏകീകൃത സിലബസ് സെക്കൻഡറി വിദ്യാഭ്യാസത്തിന് മാത്രം ബാധകമായിരിക്കെ സംസ്ഥാനത്തെ സി. ബി. എസ്. ഇ. വിദ്യാലയങ്ങൾ വ്യത്യസ്തമായ സിലബസ് പ്രകാരം ടെക്സ്റ്റ് ബുക്കുകൾക്ക് അമിതവിലയും ഉയർന്ന ഫീസും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സ്കൂളുകൾ അനുവദിക്കുന്നതിനും അവിടങ്ങളിലെ സിലബസ്, മറ്റു വിദ്യാഭ്യാസ ചെലവുകൾ തുടങ്ങിയവ നിർണ്ണയിക്കുന്നതിനും എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് അൺഎയ്ഡഡ് സ്കൂളുകൾ കൂടുതൽ ആരംഭിക്കുന്നത് സർക്കാർ നയമല്ലെങ്കിലും വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുന്ന പ്രസ്തുത സ്കൂളുകൾക്ക് കേരള വിദ്യാഭ്യാസ നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള വ്യവസ്ഥകൾക്ക് വിധേയമായി (അദ്ധ്യായം 5 ചട്ടം 2, 2A, KER 1959) സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്ന സംവിധാനത്തെക്കുറിച്ച് സർക്കാർപരിശോധിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എൻ. ഒ. സി നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 07.10.2011-ൽ പുറത്തിറക്കിയ സ.ഉ(കൈ) 202/2011/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളുടെമേൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ